**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1163** **06-02-2023 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂരിലെ റോഡ് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ചുമതലയിൽ ചാത്തന്നൂർ മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ഭരണാനുമതി തുക എത്രയെന്നും അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2 റോഡുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.<br>1) 2021-2022 - ആദിച്ചനല്ലൂർ ചിറ കുണ്ടമൺ റോഡ്, ആദിച്ചനല്ലൂർ പഞ്ചായത്ത്. തുക -100 ലക്ഷം.<br>2) 2022-2023 - ഒഴുക്കുപാറ കൊച്ചാല്ലുംമൂട് റോഡ്. തുക - 34.20 ലക്ഷം. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ഗതാഗത യോഗ്യമാക്കുന്നതിനായി ഭരണാനുമതി നൽകിയ റോഡുകളിൽ ഏതെല്ലാം റോഡുകൾക്ക് ടെൻഡർ നടപടികൾ പൂർത്തീകരിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ടെൻഡർ നടപടികൾ പൂർത്തീകരിച്ച് മേൽ പറഞ്ഞ രണ്ട് പ്രവൃത്തികളും കരാറിലേർപ്പെട്ട് പുരോഗമിക്കുകയാണ്. |
| (സി) | ടെൻഡർ നടപടികൾ പൂർത്തീകരിച്ച റോഡുകളിൽ ഏതെല്ലാം റോഡുകളുടെ നവീകരണ പ്രവൃത്തികൾ ആരംഭിക്കാനുണ്ടെന്നും നവീകരണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ? | (സി) | ആദിച്ചനല്ലൂർ ചിറ കുണ്ടമൺ ചിറ റോഡ് പ്രവൃത്തിക്ക് 26/10/2021 ൽ ഭരണാനുമതി നൽകിയെങ്കിലും 40 എം.എം ചിപ്പിംഗ് കാർപെറ്റിനു പകരം BM & BC റോഡ് നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും ആയത് പ്രകാരം 26/08/2022 ൽ സാങ്കേതികാനുമതി നൽകി 11/10/2022 ൽ കരാറിൽ ഏർപ്പെട്ട് പ്രവൃത്തി പുരോഗമിച്ചുവരുന്നു.<br>21/11/2022 ൽ കരാറിൽ ഏർപ്പെട്ട ഒഴുക്കുപാറ കൊച്ചാല്ലുംമൂട് റോഡ് പ്രവൃത്തിയിലെ DR Packing, PCC belt എന്നീ പ്രവൃത്തികൾ നടന്നു വരവെ ഭിത്തി കെട്ടുന്ന പ്രവൃത്തിയിൽ തർക്കം വന്നതിനാൽ പ്രവൃത്തി ഇപ്പോൾ തടസ്സപ്പെട്ടിരിക്കുകയാണ്. ജന പ്രതിനിധികളും നാട്ടുകാരുമായി ചർച്ച നടത്തി തർക്കം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ